LIBRARY ARCHIVES Kerala Legislative Assembly

അനുവദിച്ചുവന്നിരുന്ന 14218 പേർക്കാണ് (2020 മാർച്ച് മാസത്തെ കണക്കനുസരിച്ച്) ടി ഇക ഒറ്റത്തവണയായി 2020 ഏപ്രിൽ മാസത്തിൽ അനുവദിച്ചത്.

2) ക്ഷേമനിധി അംഗങ്ങളിൽ കോവിഡ്-19 രോഗബാധിതരായിട്ടുള്ളവർക്ക് സർക്കാർ പ്രഖ്യാപിച്ച ധനസഹായമായ 10,000 രൂപ 31-3-2021 വരെ രോഗബാധിതരായവർക്ക് ബോർഡ് നൽകിയിട്ടുണ്ട്.

3) അംശദായ കുടിശ്ശിക വരുത്തി അംഗത്വം റദ്ദായവർക്ക് അത് പുനഃസ്ഥാപിക്കുന്നതിന് ചുമത്തിയിരുന്ന പിഴയും പിഴ പലിശയും, കോവിഡ് മഹാമാരിയുടെ സാഹചര്യത്തിൽ 6 മാസക്കാലത്തേയ്ക്ക് ഒഴിവാക്കിയിരുന്നു. പിഴയിനത്തിൽ ലഭ്യമാകേണ്ടിയിരുന്ന 2 കോടിയോളം രൂപ ഇപ്രകാരം ബോർഡ് ഒഴിവാക്കി നൽകിയിട്ടുണ്ട്.

4) കോവിഡ് രണ്ടാം തരംഗത്തിൽ പെൻഷൻ കൈപ്പറ്റുന്നവർക്ക് സർക്കാർ ധനസഹായമായി പ്രഖ്യാപിച്ച 1,000 രൂപ താമസംവിനാ അനുവദിക്കുന്നതാണ്.

ക്രൈം ആൻഡ് ക്രിമിനൽ ട്രാക്കിംഗ് നെറ്റ്‌വർക്ക്

71 (3098) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പോലീസ് സംവിധാനത്തിൽ ക്രൈം ആൻഡ് ക്രിമിനൽ ട്രാക്കിംഗ് നെറ്റ്‌വർക്ക് സ്ഥാപിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ടോ; എങ്കിൽ ആയത് പ്രകാരമുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ?

ക്രൈം ആൻഡ് ക്രിമിനൽ ട്രാക്കിംഗ് നെറ്റ് വർക്ക് സിസ്റ്റം സംസ്ഥാന പോലീസിൽ നടപ്പിലാക്കിയിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് പ്രസ്തുത സംവിധാനം പ്രവർത്തന സജ്ജമാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ?

ദേശീയതലത്തിൽ നടപ്പിലാക്കിയിട്ടുള്ള ക്രൈം ആൻഡ് ക്രിമിനൽ ട്രാക്കിംഗ് നെറ്റ് വർക്ക് സിസ്റ്റം എന്ന സംവിധാനം സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകളിലും സബ് ഡിവിഷൻ ഓഫീസുകളിലും ജില്ലാ പോലീസ് മേധാവിമാരുടെ ഓഫീസുകളിലും റേഞ്ച് ഓഫീസുകൾ, സോണൽ ഓഫീസുകൾ, പോലീസ് ആസ്ഥാനം എന്നിവിടങ്ങളിലും ഇതുകൂടാതെ ക്രൈം ബ്രാഞ്ച്, റെയിൽവേ പോലീസ്, എ.ടി.എസ്. എന്നീ സ്പെഷ്യൽ യൂണിറ്റുകളിലും നടപ്പിലാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) പൊതുജനങ്ങൾക്ക് ഈ സംവിധാനം വഴി എന്തെങ്കിലും സേവനം ലഭ്യമാണോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

ക്രൈം ആൻഡ് ക്രിമിനൽ ട്രാക്കിംഗ് നെറ്റ് വർക്ക് സിസ്റ്റം ആപ്ലിക്കേഷന്റെ ഭാഗമായ സിറ്റിസൺ സർവ്വീസ് ആയ 'തുണ' എന്ന ആപ്ലിക്കേഷൻ മുഖാന്തരം പൊതുജനങ്ങൾക്ക് താഴെപ്പറയുന്ന സർവ്വീസുകൾ ഓൺലൈൻ ആയി ലഭിക്കുന്നതാണ്.

1. പെറ്റിഷൻ രജിസ്ട്രേഷൻ

2. പെറ്റിഷൻ സ്റ്റാറ്റസ്

3. എഫ്.ഐ.ആർ. കോപ്പി

4. ആക്സിഡന്റ് ജി.ഡി. കോപ്പി

5. അറസ്റ്റ് ആന്റ് വാണ്ടഡ് ക്രിമിനൽ ഡീറ്റെയിൽസ്

6. ഡീറ്റെയിൽസ് ഓഫ് മിസ്സിംഗ് പേഴ്സൺ

7. ആട്ടോ മൊബൈൽ എൻക്വയറി

8. നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് റിക്വസ്റ്റ്

9. വെരിഫിക്കേഷൻ റിക്വസ്റ്റ്

10. മൈക്ക് സാംഗ്ഷൻ റിക്വസ്റ്റ്

11. സിറ്റിസൺ ടിപ്പ്

12. ഓൺലൈൻ ലൈബ്രറി

കേസ്സുകളുടെ എണ്ണം

72 (3099) <u>ശ്രീ. എം. വിൻസെന്റ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവല്ലം, കോവളം, വിഴിഞ്ഞം, ബാലരാമപുരം, പൂവാർ, കാഞ്ഞിരംകുളം എന്നീ പോലീസ് സ്റ്റേഷനുകളിൽ ഓരോ വർഷവും രജിസ്റ്റർ ചെയ്യുന്ന കേസ്സുകൾ പോലീസ് സ്റ്റേഷനും വർഷവും വേർതിരിച്ചുള്ള കഴിഞ്ഞ 10 വർഷത്തെ കണക്കുകൾ ലഭ്യമാക്കാമോ?

പ്രസ്തുത പോലീസ് സ്റ്റേഷനുകളിൽ രജിസ്റ്റർ ചെയ്ത കേസ്സുകളുടെ വിവരം അനുബന്ധം 1 ആയി ചേർക്കുന്നു.*

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.